LIBRARY ARCHIVES Kerala Legislative Assembly

വെള്ളക്കാട് എം.എ.എം. എൽ.പി. സ്കൂൾ മാനേജരുടെ നിയമനം

214(2570) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ തളിപ്പറമ്പ് നോർത്ത് എ.ഇ.ഒ.-യ്ക്ക് കീഴിൽ വരുന്ന വെള്ളക്കാട് എം.എ.എം. എൽ.പി. സ്കൂളിന്റെ മാനേജരെ നിശ്ചയിച്ചിട്ടുണ്ടോ?

ഇല്ല. ഈ സ്കൂളിന്റെ മാനേജരായി ശ്രീ. എ. പി. അബ്ദുൾ സത്താറിനെ ഭരണ സമിതി യോഗം തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ആയത് തളിപ്പറമ്പ് നോർത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ല.

(ബി) ജനറൽബോഡി യോഗം മാനേജരായി തെരഞ്ഞെടുത്ത ശ്രീ. എ. പി. അബ്ദുൾസത്താർ മാനേജർ നിയമനത്തിന്റെ അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; അതിന്റെ തുടർ നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

തളിപ്പറമ്പ് നോർത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് നിരസിച്ചിരുന്നു.

(സി) പ്രസ്തുത നിയമന അംഗീകാര അപേക്ഷ എ.ഇ.ഒ. നിരസിച്ചത് എന്ത് കാരണത്താലാണെന്നറിയിക്കാമോ?

സ്കൂളിന്റെ ഭരണസമിതി യോഗം നിയമിച്ചതാണെന്ന് അവകാശവാദം ഉന്നയിച്ച് രണ്ട് പേർ മാനേജർ നിയമനത്തിനായി അപേക്ഷ സമർപ്പിച്ചതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ അപേക്ഷ നിരസിച്ചു.

(ഡി) ആയതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ നൽകിയിട്ടുണ്ടോ; അതിന്മേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത്; വിശദമാക്കാമോ?

മാനേജർ നിയമനാംഗീകാരത്തിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് വിശദമായ റിപ്പോർട്ടിനായി തളിപ്പറമ്പ് നോർത്ത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലേയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും അയച്ചിട്ടുണ്ട്.

തസ്തിക നിർണ്ണയം നടക്കാത്ത എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

215(2571) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കഴിഞ്ഞ അദ്ധ്യയന വർഷം അദ്ധ്യാപക തസ്തിക നിർണ്ണയം നടക്കാത്തതിനാൽ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രായപരിധി കടന്നുപോയി എന്ന കാരണത്താൽ നിയമനം ലഭിക്കുന്നതിന് തടസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ്മൂലം തസ്തിക നിർണയം നടക്കാത്തതിനാൽ, നിയമനം ലഭിക്കാൻ സാധ്യത ഉണ്ടായിരുന്നിട്ടും പ്രായപരിധി കടന്ന് പോയതിനാൽ അവസരം നിഷേധിക്കപ്പെടുന്നവരുടെ വിഷയത്തിൽ എന്തൊക്കെ സഹായകരമായ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

വിഷയം പരിശോധിച്ചുവരുന്നു.

എയ്ഡഡ് സ്കൂളുകളിലെ നിയമന അംഗീകാരം

216(2572) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട അപ്പീൽ പെറ്റീഷനുകളിൽ എത്രയെണ്ണം തീർപ്പ് കൽപ്പിക്കാതെ വകുപ്പിൽ കെട്ടിക്കിടപ്പുണ്ടെന്ന് വിശദമാക്കാമോ?

എല്ലാ ജില്ലകളിൽ നിന്നും വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ബി) ഈ അപ്പീൽ പെറ്റീഷനുകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിയമനാംഗീകാര അപ്പീലുകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.

മലമ്പുഴ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ നീന്തൽകുളം

217(2573) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നീന്തൽകുളം സ്ഥാപിക്കുന്ന പദ്ധതി പ്രകാരം നീന്തൽകുളം നിർമ്മിക്കുന്നതിന് മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ സ്കൂളിനും അനുവദിക്കുന്ന തുക, പദ്ധതിയുടെ നിർമ്മാണച്ചുമതല, നിർവ്വഹണ ഏജൻസി മുതലായവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ സ്കൂളുകളിൽ നീന്തൽകുളം സ്ഥാപിക്കുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly